"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്- സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് മാനേജരുടെ ഒരു തസ്തിക പുനരുജ്ജീവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ(ഡി) വകുപ്പ്

സ.ഉ.(കൈ) നം.58/2022/ID തീയതി,തിരുവനന്തപുരം, 24-06-2022

---

പരാമർശം:-

1. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 15.11.2021 തീയതിയിലെ SIFL:HRD:02-87/21/702, 14.05.2022 തീയതിയിലെ SIFL:HRD:03:06/22/18 എന്നീ നമ്പർ കത്തുകൾ

2. 22.10.2013 തീയതിയിലെ സ.ഉ (സാധാ) നം.1334/13/വ്യവ നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ സ്റ്റാഫ് പാറ്റേൺ പ്രകാരം അസിസ്റ്റന്റ് മാനേജരുടെ 10 തസ്തികകളാണ് നിലവിലുള്ളത്. അതിൽ ഒരു തസ്തികയിൽ അസിസ്റ്റന്റ് മാനേജർ (എ & എച്ച് ആർ ഡി) ആയി ജോലി ചെയ്തിരുന്ന ശ്രീമതി രേഷ്മ ആൻ ജോർജ്ജ് 2018 ഫെബ്രുവരിയിൽ സർവീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് പ്രസ്തുത തസ്തികയിൽ ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിന് 2018 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുവെങ്കിലും നിയമന നടപടിക്രമങ്ങളിൽ വീഴ്ച കണ്ടെത്തിയതിനെ തുടർന്ന് നിയമന നടപടിക്രമങ്ങൾ റദ്ദാക്കുകയുണ്ടായി. ഇപ്രകാരം നിയമന നടപടികളിൽ ഉണ്ടായ കാലതാമസം കാരണം എ & എച്ച് ആർ ഡി വിഭാഗത്തിൽ നിയമിക്കേണ്ടിയിരുന്ന അസിസ്റ്റന്റ് മാനേജർ തസ്തികയിലെ ഒഴിവ് നികത്തുവാൻ കഴിയാതെ 4 വർഷമായി ഒഴിഞ്ഞു കിടക്കുകയാണ്. മേൽ സാഹചര്യം കണക്കിലെടുത്ത് ടി അസിസ്റ്റന്റ് മാനേജർ തസ്തികയുടെ ഒഴിവ് പുനരുജ്ജീവിപ്പിച്ച് നിയമനം നടത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 4 വർഷമായി ഒഴിഞ്ഞു കിടക്കുന്ന ഒരു അസിസ്റ്റന്റ് മാനേജരുടെ തസ്തിക പുനരുജ്ജീവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ,സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്,അത്താണി,തൃശ്ശൂർ.

സ.ഉ.(കൈ) നം.58/2022/ID

ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് (എം.ഡി മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/(ആഡിറ്റ് II),കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U O No.1968948/PU D2/3/2022-Fin dated 06.02.2022)
പൊതുഭരണ(എസ് സി) വകുപ്പ് (22/06/2022 -ലെ ഇനം നമ്പർ 846)
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Divya Y V
Date: 24-06-2022 17:36:54
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-06-2022

ഫയൽ നം. ഡി2/176/2021/വ്യവ. ഇനം നം: 846

വിഷയം : വ്യവസായ വകുപ്പ് - സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ ഒരു അസിസ്റ്റന്റ് മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

27/6/22

IND-D2/176/2021-IND

6257789/2022/IND(OS)

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി2/176/2021/വ്യവ |
| 2 | വകുപ്പ് | : | വ്യവസായ (ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ ഒരു അസിസ്റ്റന്റ് മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/03/2022 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഇല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | — |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ എ വി എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | ~~../../2022~~ 13.06.22 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 14.06.22 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ പി രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13/6/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.6.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

**<u>മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്</u>**

ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ അസിസ്റ്റന്റ് മാനേജരുടെ ഒരു തസ്തിക പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് ഈ കുറിപ്പിലെ വിഷയം .

2) സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ അസിസ്റ്റന്റ് മാനേജർ (A&HRD) തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം 14/03/2018 ന് പുറപ്പെടുവിക്കുകയും ടി. തസ്തികയിലേയ്ക്കുള്ള നിയമനനടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമന നടപടിക്രമങ്ങളിൽ വീഴ്ച കണ്ടെത്തിയതിനെ തുടർന്ന്, 18/06/2019 ന് നടന്ന 159-ാമത് മീറ്റിംഗിലെ കമ്പനി ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നിയമന നടപടിക്രമങ്ങൾ റദ്ദാക്കിയിരുന്നു. ഇതിനിടെ നിയമന നടപടികൾ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് ഒരു ഉദ്യോഗാർത്ഥി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ മേൽ തസ്തികയിലേക്ക് 04/09/2019 ന് പുനർവിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇപ്രകാരം നിയമന നടപടികളിൽ ഉണ്ടായ കാലതാമസം കാരണം അസിസ്റ്റന്റ് മാനേജർ (A&HRD) തസ്തിക ഒരു വർഷത്തിലേറെയായി ഒഴിഞ്ഞു കിടക്കുകയും ചെയ്തു. മേൽപ്പറഞ്ഞ സാഹചര്യം കണക്കിലെടുത്ത് അസി. മാനേജർ (A&HRD) തസ്തിക പുനരുജ്ജീവിപ്പിച്ച് നിയമനം നടത്തുന്നതിന് അനുമതി നൽകണമെന്ന് സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Administrative Department is requested to get the approval of the Council of Ministers as mentioned in G.O(P)No.1208/2001/Fin dated

22.10.2001, since the post of Assistant Manager(A&HRD) has been lying vacant over one year."

4) അസിസ്റ്റന്റ് മാനേജർ (എ & എച്ച് ആർ ഡി) തസ്തിക സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുന്നുണ്ടോ എന്നും 2018-ൽ പുതിയ വിജ്ഞാപനം വരുന്നതുവരെ ആളെ നിയമിച്ചിരുന്നോ എന്നും കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി, തസ്തിക പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കമ്പനിയുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം അസിസ്റ്റന്റ് മാനേജരുടെ 10 തസ്തികകളാണ് ഉള്ളത്. ഇതിൽ 9 തസ്തികകൾ നികത്തിയിട്ടുള്ളതാണ്. ബാക്കി വന്നിട്ടുള്ള ഒരു ഒഴിവാണ് എ & എച്ച് ആർ ഡി യിലേക്കായി നീക്കി വച്ചിട്ടുള്ളത്. കമ്പനിയിൽ അസിസ്റ്റന്റ് മാനേജർ (എ & എച്ച് ആർ ഡി) ആയി ജോലി ചെയ്തിരുന്ന ശ്രീമതി രേഷ്മ ആൻ ജോർജ്ജ് 2018 ഫെബ്രുവരിയിൽ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതും അന്ന് മുതൽ ടി തസ്തികയിലേക്ക് നിയമനം നടന്നിട്ടില്ലാത്തതുമാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും കമ്പനി ലാഭത്തിലാണ് പ്രവർത്തിച്ചു വരുന്നത്. നിലവിൽ എ & എച്ച് ആർ ഡിയുടെ ചുമതല വഹിക്കുന്നത് ഒരു ഡെപ്യൂട്ടി ജനറൽ മാനേജരും ഒരു ഡെപ്യൂട്ടി ഓഫീസറുമാണ്. മുൻപ് ഒരു അസിസ്റ്റന്റ് മാനേജരും ഒരു ഡെപ്യൂട്ടി മാനേജരും ഉണ്ടായിരുന്നു. അസിസ്റ്റന്റ് മാനേജർ (എ & എച്ച് ആർ ഡി) തസ്തിക 4 വർഷമായി ഒഴിഞ്ഞു കിടക്കുന്നതിനാൽ പുതിയ നിയമനം നടത്തുവാൻ ഇത് പുനരുജ്ജീവിപ്പിക്കേണ്ടതുണ്ടെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

5) മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും സ്റ്റാഫ് പാറ്റേൺ പ്രകാരം അസിസ്റ്റന്റ് മാനേജരുടെ ഒരു തസ്തികയിലാണ് ഒഴിവുള്ളതെന്ന് വ്യക്തമാണ്. ടി തസ്തികയെ അസിസ്റ്റന്റ് മാനേജർ (എ & എച്ച് ആർ ഡി) എന്ന് പ്രത്യേകമായി തരംതിരിച്ചിട്ടില്ല. പ്രസ്തുത തസ്തിക ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്നതിനാൽ അതിലേക്കുള്ള റിക്രൂട്ട്മെന്റ് പ്രക്രിയ തുടരുന്നതിന്, മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്.

6) ഇക്കാര്യത്തിൽ തുടർ ഉത്തരവുകൾക്കായി ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്യു. #.33

**<u>തീരുമാനിക്കേണ്ട കാര്യം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്(SIFL) -ൽ നാല് വർഷമായി ഒഴിഞ്ഞു കിടക്കുന്ന ഒരു അസിസ്റ്റന്റ് മാനേജറുടെ തസ്തിക പുനരുജ്ജീവിപ്പിക്കാമോ?

10/06/22

10/6/22

10/6/22

13/6/22

14/6/22

17/6/22